## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*276** — **16.12.2015 ൽ മറുപടിയ്ക്ക്**

## വിലത്തകർച്ച നേരിടുന്ന കാർഷിക ഉൽപന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം :<br>ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ.എം. ഹംസ :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ വിലത്തകർച്ച നേരിടുന്ന കാർഷിക ഉൽപന്നങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ പ്രധാനമായും വിലയിടിവ് നേരിടുന്നത്. |
| (ബി) കാർഷിക ഉൽപന്നങ്ങളുടെ വിലത്തകർച്ചയ്ക്കുള്ള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) കാർഷിക തോട്ടം മേഖലയിലെ വിദേശ നിക്ഷേപത്തെ സംബന്ധിച്ച് കേന്ദ്രസർക്കാർ ഈ അടുത്ത കാലത്ത് കൈക്കൊണ്ട തീരുമാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് നിലപാട് അറിയിക്കുമോ ; | (സി) തേയില, കാപ്പി, റബ്ബർ, ഏലം, ഓയിൽപാം എന്നീ തോട്ടം മേഖലകളിലെ വിദേശ നിക്ഷേപം 100 ശതമാനമാകാമെന്ന് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. 2015 മേയ് 12-ാം തീയതി മുതലാണ് ഇതിന് പ്രാബല്യം നല്കിയിട്ടുള്ളത്. |
| (ഡി) വിലത്തകർച്ച മൂലം കഷ്ടത അനുഭവിക്കുന്ന കർഷകർക്ക് സഹായം നൽകുന്നതിൽ സർക്കാർ സംവിധാനങ്ങൾ എത്രത്തോളം ഫലപ്രദമായി പ്രവർത്തിക്കുന്നു ; വിശദമാക്കുമോ ? | (ഡി) കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ വിലയിടിവ് നേരിടുന്നത്. റബ്ബർ വിലയിടിവ് തടയുന്നതിനായും, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബർ സംഭരണം നടത്തിയിട്ടുള്ളത്. |

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**